പതിനാലാം കേരള നിയമസഭ

പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 919 — 05-02-2020-ലെ മറുപടി

## നെയ്യാർ ഡാമിന്റെ വികസന പ്രവർത്തനങ്ങൾ

ചോദ്യം
ശ്രീ.എം.വിൻസെന്റ്

മറുപടി
കെ.കൃഷ്ണൻകുട്ടി
ജലവിഭവ വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| എ) | നെയ്യാർ ഡാമിന്റെ വികസന പ്രവർത്തനങ്ങൾക്ക് ടൂറിസം വകുപ്പുമായി സഹകരിച്ച് നിലവിൽ എന്തൊക്കെ പ്രവർത്തനങ്ങളാണ് നടത്തുന്നത്; | എ) & ബി) | ടൂറിസം വകുപ്പ് മുഖേന നെയ്യാർ ഡാമിൽ "Development of Neyyar Dam as a Tourist Destination" എന്ന പേരിൽ 4.65 കോടി രൂപയുടെ വികസനപ്രവർത്തനങ്ങൾ (സ.ഉ(സാധാ) നം. 19/2018/ടി.എസ്.എം. തീയതി 06/01/2018) ഇറിഗേഷൻ വകുപ്പ് നടപ്പിലാക്കി വരുന്നു. വൈദ്യുതീകരണ പ്രവൃത്തികൾക്കും മറ്റ് സിവിൽ പ്രവൃത്തികൾക്കുമായി ആകെ 3,03,28,690/- (മൂന്ന് കോടി മുപ്പത്തിരണ്ട് ലക്ഷത്തി എണ്ണായിരത്തി അറുനൂറ്റി തൊണ്ണൂറ് രൂപ മാത്രം) ടൂറിസം വകുപ്പിൽ നിന്നും അനുവദിച്ചിട്ടുണ്ട്. |
| ബി) | ഇതിനായി ഈ സർക്കാർ നിലവിൽ വന്നശേഷം എത്ര കോടി രൂപ ചെലവഴിച്ചു; | | |
| സി) | കോടികൾ ചെലവഴിച്ചിട്ടും നെയ്യാർ ഡാം വികസന പദ്ധതികൾ ശോച്യാവസ്ഥയിലാണെന്ന പത്ര റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ ഇപ്പോൾ ശോചനീയാവസ്ഥ നിലവിലില്ല. |
| ഡി) | ശോച്യാവസ്ഥ പരിഹരിക്കുവാനും, വിവിധ വകുപ്പുകളുടെ ഏകോപനം ഉണ്ടാക്കുന്നതിനും അടിയന്തരമായ ഇടപെടൽ ഉണ്ടാകുമോ; വിശദമാക്കാമോ? | ഡി) | സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ